# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4991 21.10.2011-ലെ മറുപടിയ്ക്ക്

## നഗരസഭകളുടെ കമ്പ്യൂട്ടർ വൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. റ്റി.യു. കുരുവിള. | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>ബഹു: വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) | നഗരസഭകളുടെയും പഞ്ചായത്തുകളുടേയും പൊതുസർവ്വീസ് എന്ന ആശയം ഈ സർക്കാരിന്റെ നയമാണോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | 02/04/2011 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര -ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകികൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും മുൻപ് ഉത്തരവായിട്ടുണ്ട്. എന്നാൽ പൊതു സർവ്വീസിന് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | നഗരസഭകളുടെ കമ്പ്യൂട്ടർ വൽക്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനു വേണ്ടി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) | എല്ലാ നഗരസഭകളിലും കമ്പ്യൂട്ടർ വൽക്കരണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ഐ.കെ.എം.(ഇൻഫർമേഷൻ കേരള മിഷൻ) എന്ന ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഈ ഏജൻസി ഏതെല്ലാം സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ; എത്ര നഗരസഭകൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചു; ഇനിയെത്രയെണ്ണം കമ്പ്യൂട്ടർ വൽക്കരിക്കാൻ ബാക്കിയുണ്ട് ; ഇത് എന്ന് പൂർത്തീകരിക്കാനാകും; | (സി) | സുലേഖ, സേവന (പെൻഷൻ) സേവന (സിവിൽ രജിസ്ട്രേഷൻ ) സ്ഥാപന (ശമ്പള ബിൽ ) സൂചിക. സാംഖ്യ (വെബ്മാസ്റ്റർ)എന്നീ സോഫ്റ്റുവെയറുകളാണ് ഐ.കെ.എം. വികസിപ്പിച്ചെടുത്തിട്ടുള്ളത്. പുതുതായി രൂപീകരിച്ച നഗരസഭകളിലൊഴികെ മറ്റെല്ലായിടത്തും കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി രൂപംകൊണ്ട നഗരസഭകളിൽ കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പൊതു സ്ഥലമാറ്റമാനദണ്ഡത്തിന്റെ പട്ടികയിൽ ഡെപ്യൂട്ടേഷൻ സർവ്വീസിൽ ഉള്ളവരെ കൂടി 'ഔട്ട്സൈഡ് സർവ്വീസ്' ആയി പരിഗണിക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ